പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1505 — 13.06.2014 ലെ മറുപടിയ്ക്ക്

**കോട്ടയം ജില്ലയിലെ പുഞ്ചകർഷകർക്കുള്ള നഷ്ടപരിഹാരം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മോൻസ് ജോസഫ് | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കോട്ടയം ജില്ലയിൽ പുഞ്ചകർഷകരുടെ കൃഷിനാശം സംബന്ധിച്ച നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള അപേക്ഷയിന്മേൽ എത്ര അപേക്ഷകൾ തീരുമാനമാകാതെയുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) കോട്ടയം ജില്ലയിൽ 2013 പുഞ്ചകൃഷിയിൽ നഷ്ടപരിഹാരത്തിനായി ലഭിച്ച ക്ലെയിം അനുസരിച്ച് മുഴുവൻ കർഷകർക്കും നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. 2014 പുഞ്ചകൃഷിയിൽ പ്രാഥമിക വിവര റിപ്പോർട്ട് അനുസരിച്ച് 136 കർഷകരുടെ 128.592 ഹെക്ടർ കൃഷി നശിച്ചതായി കണക്കാക്കുന്നു. കൃഷി നശിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള ക്ലെയിം തയ്യാറാക്കി വരുന്നു. |
| (ബി) കോട്ടയം ജില്ലയിൽ കല്ലറ ക്യാലിക്കര പാടശേഖര സമിതി പ്രസിഡന്റ് ശ്രീ.തോമസ് കൃഷി വകുപ്പ് മന്ത്രിക്ക് നഷ്ടപരിഹാരത്തിനുവേണ്ടി നൽകിയിരുന്ന ഐ.എഫ്.എ 3/24019/2013 എന്ന ഫയലിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഫയലിൽ തീർപ്പുകൽപ്പിക്കുന്നതിനുണ്ടായ കാലതാമസം വ്യക്തമാക്കാമോ? | (ബി) കോട്ടയം പുഞ്ച സ്പെഷ്യൽ ഓഫീസറോട് വിശദവിവരങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് ഫയലിന്മേൽ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.